(സി) ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് ടൂറിസവുമായി ബന്ധപ്പെട്ട കൂടുതൽ കോഴ്സുകൾ ആരംഭിക്കുന്നതിനും ടൂറിസം പ്രോജക്ടുകൾ സംയുക്ത മേഖലയിൽ തുടങ്ങുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന് മുഴുവനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക പ്രായോഗികമല്ല. എന്നാൽ വളരെ പ്രധാനപ്പെട്ട ഡെസ്റ്റിനേഷനുകളുടെ വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നുണ്ട്. ഇതനുസരിച്ച് മൂന്നാർ, മുസിരിസ്, തലശ്ശേരി എന്നിവയുടെ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ, വയനാട് എന്നിവയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഗ്രാമീണ ടൂറിസം വികസിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് 'എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം' എന്ന ടൂറിസം പദ്ധതി നടപ്പാക്കി വരുന്നു. കൂടാതെ റെസ്പോൺസിബിൾ ടൂറിസത്തിന്റെ ഭാഗമായി 'വില്ലേജ് ലൈഫ് എക്സ്പീരിയൻസ്' എന്ന പദ്ധതിയും ഗ്രാമീണ ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ആവിഷ്ക്കരിച്ചിട്ടുണ്ട്.

(സി) ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് ഉതകുന്ന രീതിയിൽ ടൂറിസവുമായി ബന്ധപ്പെട്ട ചില കോഴ്സുകൾ അടുത്ത അദ്ധ്യയന വർഷം ആരംഭിക്കാൻ കിറ്റ്സ് നടപടി സ്വീകരിച്ചുവരുന്നു. ടൂറിസം പ്രോജക്ടുകൾ സംയുക്ത മേഖലയിൽ കണ്ടെത്തി ആരംഭിക്കുന്നതിനുവേണ്ടി ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

ടൂറിസം മേഖലയുടെ വികസനത്തിന് ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ

135 (427) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. വി. ശശികുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയുടെ വികസനത്തിന് ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) നിലവിലുള്ള ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) സംസ്ഥാനം സന്ദർശിക്കുന്ന വിദേശ ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷം വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) കൂടുതൽ ടൂറിസ്റ്റുകളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകളുടെ രൂപീകരണം

2. കൊടുങ്ങല്ലൂർ ആസ്ഥാനമാക്കി മുസിരിസ് പൈതൃക സംരക്ഷണ പദ്ധതി

3. ഫാം ടൂറിസത്തിന്റെ സാദ്ധ്യതകൾ വിനിയോഗിക്കുന്നതിനുള്ള ഗ്രീൻ ഫാം ടൂറിസം പദ്ധതി.

4. മാനവശേഷി വികസനത്തിനായുള്ള ലെറ്റസ് ലേൺ ട്രെയിനിംഗ് പ്രോഗ്രാം.

5. പാതിരാമണൽ ബയോ പാർക്ക് വികസനം.

6. സപര്യാ പദ്ധതി.

7. തലശ്ശേരി കേന്ദ്രമായി പൈതൃക സംരക്ഷണ പദ്ധതി.

8. മൂന്നാർ ടൗൺഷിപ്പ്.

9. ആലപ്പുഴയിലും വയനാട്ടിലും മെഗാ ടൂറിസം പ്രോജക്ടുകൾ.

10. DMC-കൾ രൂപീകരിക്കുന്ന പദ്ധതികൾക്ക് പ്രത്യേക ധനസഹായം.

11. ടൂറിസ്റ്റുകളുടെ സന്ദർശനം സംബന്ധിച്ച് ഇ-സബ്മിഷൻ.

12. ഓൺലൈൻ ടൂർ ഓപ്പറേറ്റർ അക്രഡിറ്റേഷൻ.

13. സി-ഫോമുകളുടെ സബ്മിഷൻ ഓൺലൈനായി.

14. ഓൺലൈൻ റൂം റിസർവേഷൻ.

15. രാജധാനി എക്സ്പ്രസ്സ് ബ്രാന്റിംഗ്.

16. പുതിയ കൊമേഴ്സ്യൽ ഫിലിമിന്റെ നിർമ്മാണം.

17. പാർട്ടണർഷിപ്പ് മീറ്റുകൾ.

18. ഉത്സവം പരിപാടി.

19. കോഴിക്കോട് സരോവരം.

20. ഇരിങ്ങൽ, വിഴിഞ്ഞം ക്രാഫ്റ്റ് വില്ലേജുകൾ.

21. ഉത്തരവാദിത്വ ടൂറിസം പദ്ധതി.

22. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ.

23. മലബാർ പാക്കേജ് പദ്ധതി തുടങ്ങിയവയാണ് ടൂറിസം മേഖലയുടെ വികസനത്തിന് ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി വിവിധ ഡെസ്റ്റിനേഷനുകളെ ഉൾപ്പെടുത്തി ഡെസ്റ്റിനേഷൻ സർക്യൂട്ട് പദ്ധതി, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ മുഖേന ചെറിയ ടൂറിസം കേന്ദ്രങ്ങളുടെ വികസനം നിലവിലുള്ള ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനായി ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകളുടെ രൂപീകരണം, ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു.

(സി) സംസ്ഥാനം സന്ദർശിക്കുന്ന വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 2009-ൽ 6.9% കുറവ് രേഖപ്പെടുത്തി. എന്നാൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 4.25% വർദ്ധനവുണ്ടായിട്ടുണ്ട്.

(ഡി) കേരളത്തിലേക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം റോം, ബ്രസൽസ്, ലിയോൺ, മ്യൂനിച്ച്, ആംസ്റ്റർഡാം എന്നീ നഗരങ്ങളിൽ പാർട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിച്ചു. സ്കാൻഡിനേവിയൻ രാജ്യങ്ങളിലെ പ്രധാനപ്പെട്ട നാലു നഗരങ്ങളിലും ഇംഗ്ലണ്ടിലെ നാലു നഗരങ്ങളിലും റോഡ് ഷോകളും സംഘടിപ്പിച്ചു. ഈ വർഷം ഇതിനകം ജനീവ, വിയന്ന എന്നീ നഗരങ്ങളിൽ പാർട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിച്ചു. വരുന്ന ജനുവരി, മാർച്ച് മാസങ്ങളിലായി ജർമ്മനിയിലും, അയർലണ്ടിലും, ലണ്ടനിലും റോഡ് ഷോകൾ നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

വിദേശ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി വിവിധ അന്താരാഷ്ട്ര ഫെയറുകളിൽ ടൂറിസം വകുപ്പ് സജീവമായി പങ്കെടുത്ത് പ്രചാരണം നടത്തി വരുന്നു. നവംബറിൽ ലണ്ടനിൽ നടന്ന ലണ്ടൻ ഫെയറിൽ പങ്കെടുത്തു. കൂടാതെ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി നടക്കുന്ന FITVR സ്പെയിൻ, ITB ബർലിൻ, TVR ഗോതൻബർഗ് എന്നീ ഫെയറുകളിലും പങ്കെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

പരസ്യപ്രചാരണത്തിന്റെ ഭാഗമായി അന്തർദ്ദേശീയ തലത്തിൽ പ്രചരണത്തിലുള്ള മികച്ച ടൂറിസം മാഗസിനുകളിലൂടെയും ദൃശ്യ മാധ്യമങ്ങളിലൂടെയും പ്രചാരണങ്ങൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

അന്താരാഷ്ട്ര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ഇംഗ്ലണ്ടിലെ ടൂർ ഓപ്പറേറ്റർമാർക്ക് കേരളത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി ഒരു ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചുവരുന്നു.

ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ദേശീയ തലത്തി സംഘടിപ്പിക്കുന്ന 20 ഓളം ഫെയറുകളിൽ ടൂറിസം വകുപ്പ് പങ്കെടുത്ത് പ്രചാരണം നടത്തി വരുന്നു. കൂടാതെ ഇന്ത്യയിലെ പ്രധാനപ്പെട്ട 15 ഓളം നഗരങ്ങളിൽ പാർട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly